പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി എടുത്ത വായ്പ

47 (48) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി ഓരോ വർഷവും എന്തു തുക വീതം വായ്പയെടുത്തിട്ടുണ്ട് ;

(ബി) ഇപ്രകാരം വായ്പയെടുത്ത തുകയിൽ നിന്ന് ജനകീയാസൂത്രണത്തിനു വേണ്ടി എന്തു തുക വീതം ഓരോ വർഷവും ത്രിതല പഞ്ചായത്തുകൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും കൊടുത്തിട്ടുണ്ട് ;

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്കു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിച്ച തുകയിൽ നിന്ന് എന്തു തുക വീതം ഓരോ വർഷവും പ്രത്യുൽപ്പാദന മേഖലയിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(ഡി) ഇതിന്റെ ഫലമായി ഏതെല്ലാം സെക്ടറുകളിലുള്ള ഉൽപാദനം വർദ്ധിക്കുകയും ഇതിന്റെ പ്രയോജനം എത്ര കാലത്തേയ്ക്കുണ്ടാവുകയും ചെയ്യുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജനകീയാസൂത്രണപ്രവർത്തനം മൂലമുള്ള മൂലധന നിക്ഷേപത്തിന്റെ ഫലമായി ഏതെല്ലാം സെക്ടറുകളിൽ എത്ര ശതമാനം വീതം ഉൽപ്പാദന വർദ്ധനവുണ്ടായി ;

(എഫ്) ജനകീയാസൂത്രണത്തിന്റെ പേരിലുള്ള നിക്ഷേപത്തിന്റെ ഫലമായി പ്രത്യുൽപ്പാദന രംഗത്ത് ദീർഘകാല പ്രയോജനം സിദ്ധിക്കാത്തപക്ഷം സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മുരടിപ്പുണ്ടാകാനിടയുണ്ടോ ; ഉണ്ടെങ്കിൽ അത് എപ്രകാരം പരിഹരിക്കാൻ കഴിയും ?

ഉത്തരം

(എ&ബി) പദ്ധതി പ്രവർത്തനങ്ങൾക്കു മാത്രമായി സർക്കാർ പ്രത്യേകിച്ച് വായ്പ എടുക്കാറില്ല. സർക്കാർ എടുക്കുന്ന വായ്പകൾ മൊത്തത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ പദ്ധതി പദ്ധതിയേതര ചെലവുകൾക്കാണ് ഉപയോഗിക്കുന്നത്. മൊത്തം പദ്ധതി തുകയിൽ ഓരോ വർഷവും ജനകീയാസൂത്രണത്തിനുവേണ്ടി ത്രിതല പഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	തുക(കോടി രൂപ)
1997-1998	749
1998-1999	950
1999-2000	1020
2000-2001	1045

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന പദ്ധതി വിഹിതത്തിൽ ഉൽപ്പാദനം, പശ്ചാത്തലം, സേവനം എന്നീ മേഖലകൾക്ക് വകയിരുത്താവുന്ന തുകയുടെ മാനദണ്ഡം നിശ്ചയിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്. ത്രിതല പഞ്ചായത്തുകൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 40 ശതമാനവും നഗരസഭാ സ്ഥാപനങ്ങൾ പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ 20 ശതമാനവും ഉൽപാദന മേഖലയ്ക്ക് ചെലവഴിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതു പ്രകാരം 1997-98-ൽ ഏകദേശം 250 കോടി രൂപയും 1998-99-ൽ 380-യിൽപരം കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദനമേഖലയ്ക്കു നിക്ഷേപിച്ചിട്ടുണ്ടെന്ന് കണക്കാക്കുന്നു.

(ഡി) പ്രതിവർഷം ആറ് ലക്ഷത്തോളം കൃഷിക്കാർക്ക് വിത്ത്, വളം, കീടനാശിനികൾ, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 3.15 ലക്ഷം ഏക്കർ ഭൂമിയിൽ അധിക വിളയിറക്കൽ, 59211 പമ്പ് സെറ്റുകളും 4431 ട്രാക്ടറുകളും ടില്ലറുകളും വിതരണം, 2.74 ലക്ഷം പശു, ആട് തുടങ്ങിയ മൃഗങ്ങളുടെയും 18.67 ലക്ഷം കോഴിക്കുഞ്ഞുങ്ങളുടെയും വിതരണം എന്നിവയാണ് ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വാർഷിക പദ്ധതികളിലെ ഉൽപ്പാദന മേഖലയിലെ ഭൗതിക നേട്ടങ്ങളിൽ പ്രധാനം. അതിന്റെ ഫലമായി കാർഷിക വിളകൾ, പച്ചക്കറി, മുട്ട, പാൽ തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്ന് വാർഷിക പദ്ധതി കളിലായി 3.06 ലക്ഷം വീടുകൾ, 4.13 ലക്ഷം കക്കൂസുകൾ, 90,022 ചതുരശ്ര മീറ്റർ സ്കൂൾ കെട്ടിടങ്ങൾ, 93549 ചതുരശ്രമീറ്റർ ആശുപത്രി കെട്ടിടങ്ങൾ, 1,11,860 ചതുരശ്രമീറ്റർ ഓഫീസ് കെട്ടിടങ്ങൾ, 56239 ചതുരശ്രമീറ്റർ മാർക്കറ്റിംഗ് കോംപ്ലക്സുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇവയെല്ലാം സേവന പശ്ചാത്തല മേഖലകളിലെ മൂലധന നിക്ഷേപംമൂലം ഉണ്ടായിട്ടുള്ള വർദ്ധനവാണ്. അതിന്റെ ശതമാനതോത് കണക്കാക്കിയിട്ടില്ല.

(എഫ്) ജനകീയാസൂത്രണ പ്രകാരം ഉൽപ്പാദന രംഗത്ത് ദീർഘകാല പ്രയോജനം ലഭിക്കാവുന്ന പരിപാടികളാണ് നടപ്പാക്കി വരുന്നത്. അതിനാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് മുരടിപ്പ് ഉണ്ടാകാനുള്ള സാദ്ധ്യതയില്ല.

സർക്കാരിന്റെ വരവ് ചെലവ് കണക്ക്

48 (49) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഓരോ വർഷവും സർക്കാരിന്റെ വരവും ചെലവും എത്ര വീതമായിരുന്നു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2001 ജനുവരി 31 വരെ സംസ്ഥാനത്തിന്റെ പൊതു കടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly